"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ശ്രീ.നിഖിൽ.ബി.ചന്ദ്രൻ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1141/2025/HOME തീയതി,തിരുവനന്തപുരം, 02-04-2025

പരാമർശം:-

1. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 18/12/2024 -ലെ ഇ5-33157/2024/പി.ആർ.എച്ച്.ക്യൂ നമ്പർ നടപടിക്രമം.

2. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 19/12/2024 -ലെ ഇ5-33157/2024/പി.ആർ.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.നിഖിൽ.ബി.ചന്ദ്രൻ , കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 16.10.2020 - ലെ നിയമന ശുപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ 12.11.2020 -ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 28.11.2020 തീയതിയിൽ ജയിൽവകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷമാണ് അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ്. ഈ കാലയളവിൽ ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല എന്നതിനാൽ 27.11.2022 ൽ 2 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്. ശ്രീ.നിഖിൽ.ബി.ചന്ദ്രൻ, പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2024 ജനുവരി മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസായിട്ടുണ്ടെന്നും ഈ നോട്ടിഫിക്കേഷനിലെ അവസാന പരീക്ഷ നടന്ന തീയതി 24.05.2024 ആണെന്നും ടിയാന്റെ സേവനവും ജയിലിലെ പെരുമാറ്റവും തൃപ്തികരമാണെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.നിഖിൽ.ബി.ചന്ദ്രന്റെ പ്രൊബേഷൻ കാലയളവ് 28.11.2022 മുതൽ 27.11.2023 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. വകുപ്പുതലപരീക്ഷ പാസായിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25.05.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് 28.11.2023 മുതൽ 26.05.2024 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (2) പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.നിഖിൽ.ബി.ചന്ദ്രന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25.05.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി

പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, പ്രൊബേഷൻ കാലയളവ് , കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം, 28.11.2023 മുതൽ 26.05.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA GOPINATH
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം. (സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.നിഖിൽ.ബി.ചന്ദ്രൻ (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Jijimon R
Date: 03-04-2025 18:27:24
സെക്ഷൻ ഓഫീസർ